

ഫോട്ടോ : രാമചന്ദ്രൻ

● സംഭാഷണം

# മനുഷ്യബന്ധങ്ങളിൽ മൈത്രി സാദ്ധ്യമാകുമോ ?

ഡോ. നിസാർ അഹമ്മദ്

**2005 ഒക്ടോബർ 8, 9, 10, 11 തിയ്യതികളിൽ തൃശൂർ സൽസബീൽ സ്കൂളിൽ വെച്ച് 'നവോദാരത, ആഗോളത, ജനാധികാരം' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ക്യാമ്പിന്റെ ആരംഭമായി തൃശൂരിലെ സൽസബീൽ സ്കൂൾ വിദ്യാർത്ഥികൾ നിസാർ അഹമ്മദുമായി നടത്തിയ സംഭാഷണങ്ങളിൽ നിന്നുള്ള ഭാഗങ്ങൾ.**

**സമൂഹം** എന്ന് പറഞ്ഞാൽ എന്താണ് ? അല്ലെങ്കിൽ എപ്പോഴാണ് ഒരു സമൂഹം ഉണ്ടാകുന്നത് ? സാമൂഹിക ശാസ്ത്രജ്ഞന്മാർ പറയുന്നത് കുറഞ്ഞത് രണ്ട് പേർ തമ്മിൽ ഒരു ക്രയവിക്രയം നടത്തുമ്പോൾ സമൂഹമുണ്ടാവും എന്നാണ്. രണ്ടുപേർ ആൾപ്പാർപ്പില്ലാത്ത ഒരിടത്ത് പെട്ടു. ജീവനത്തിനാവശ്യമായ സാധനങ്ങൾ അവർ പരസ്പരം കൈമാറാൻ തുടങ്ങുന്നുവെന്നിരിക്കട്ടെ. കുറെക്കാലം ഈ കൈമാറ്റം തുടർന്നാൽ ചില ചട്ടങ്ങൾ ഉണ്ടാവുകയായി. ചട്ടങ്ങൾ ഉണ്ടാകുമ്പോൾ ഒരാൾ ഇന്നത് ചെയ്യണം. മറ്റേയാൾ മറ്റുചിലത് ചെയ്യണം. ആദ്യം ഇന്നത്, പിന്നെ മറ്റൊന്ന് ഇങ്ങനെ വരുന്നു. അപ്പോൾ അവർ ഒരുമിച്ചുള്ള ഇടപെടൽ സാമൂഹികമായി. പരസ്പരം ഇടപെട്ട് പ്രവർത്തിക്കുന്ന നാലു പേർ ചേർന്നാൽ ഒരു സ്റ്റേറ്റ് ഉണ്ടാവാം എന്നു പ്ലേറ്റോ പറയുന്നു. പ്ലേറ്റോ ഒരു തത്വചിന്തകനാണ്. സ്റ്റേറ്റ് ഒരു സാമൂഹികതയാണ്. ലെവിസ്ട്രോസ് എന്ന നരവംശശാസ്ത്രജ്ഞൻ പറയുന്നത് സമൂഹമുണ്ടാവാൻ രണ്ടു പേരുണ്ടായാൽ മതി എന്നാണ്. ആളുകൾ തമ്മിലുള്ള കൊടുക്കൽ - വാങ്ങൽ ഒരു പ്രത്യേക ക്രമത്തിൽ രൂപപ്പെടുന്നതാണ് സമൂഹം.

സമൂഹം എന്ന വാക്കിന് കൂട്ടം എന്ന അർത്ഥം ഉണ്ട്. യഥാർത്ഥത്തിൽ സമൂഹം കൂട്ടമല്ല. സ്കൂളിൽ വിദ്യാർത്ഥികളും അദ്ധ്യാപകരും ഒത്തുചേരുന്നു. അവർ വെറുതെ കൂട്ടം ചേരുക മാത്രമല്ല ചെയ്യുന്നത്. അവിടെ വിജ്ഞാനം എന്ന വിഭവം എടുക്കാനും കൊടുക്കാനുമാണ് ഒത്തുചേരുന്നത്. വീട്ടിൽ അച്ഛൻ, അമ്മ, മക്കൾ ഒരുമിച്ചു കഴിയുന്നു. വീടിനെ ഗൃഹം എന്നും പറയുന്നു. നമ്മൾ സമ്പാദിക്കുന്നതിനെ ഗ്രഹിക്കുന്നത് ആണ് ഗൃഹം. ഗ്രഹിക്കുന്നത് എന്ന് വെച്ചാൽ പിടിച്ചെടുക്കുന്നത് എന്നർത്ഥം. ഗൃഹത്തിൽ എന്താണ് നടക്കുന്നത് ? ജീവനത്തിനായി ശേഖരിച്ച വിഭവങ്ങൾ കൈമാറുന്നു. ഇവിടെ എല്ലാവരും ഒരേ പോലെയല്ല പെരുമാറുന്നത്. ഒരാളിൽനിന്ന് പ്രതീക്ഷിക്കുന്നതല്ല വേറൊരാളിൽനിന്ന് പ്രതീക്ഷിക്കുന്നത്. അതുകൊണ്ടുതന്നെ അലിഖിതമായ ചട്ടങ്ങൾ ഉയർന്നുവരുന്നു. ചട്ടങ്ങളോടുകൂടി ഇടപെടുന്നതിനെയാണ് സ്ഥാപനം എന്നു പറയുന്നത്. ഇതിനെ പ്രയോഗം എന്നും പറയാം. കുടുംബം എന്നത് ഒരു സാമൂഹിക പ്രയോഗമാണ്. വിവാഹത്തിന്റെ അടിസ്ഥാനത്തിലുള്ള ബന്ധങ്ങൾ, നിയമവ്യവസ്ഥ, നിയമനിർമ്മാണസഭ ഇങ്ങനെ അനേകം കാര്യങ്ങൾക്കായി മനുഷ്യർ ചട്ടങ്ങളോടെ ഇടപഴകുന്നുണ്ട്. വിവിധരീതിയിലുള്ള സാമൂഹിക പ്രയോഗങ്ങൾ അന്യോന്യം ബന്ധപ്പെട്ടുണ്ടാകുന്ന ഒരു പ്രതിഭാസമാണ് സമൂഹം.

**ആളുകൾ തമ്മിലുള്ള കൊടുക്കൽ - വാങ്ങൽ ഒരു പ്രത്യേക ക്രമത്തിൽ രൂപപ്പെടുന്നതാണ് സമൂഹം. നമുക്ക് കാണാൻ കഴിയുന്ന ഒന്നല്ല സമൂഹം. പക്ഷേ പല രീതിയിലും നാം ബന്ധപ്പെടുന്നതിൽ അത് അടങ്ങിയിട്ടുണ്ട്.**

നമുക്ക് കാണാൻ കഴിയുന്ന ഒന്നല്ല സമൂഹം. പക്ഷേ പല രീതിയിലും നാം ബന്ധപ്പെടുന്നതിൽ അത് അടങ്ങിയിട്ടുണ്ട്. പഠിക്കാൻ സ്കൂളിൽ വരുന്നു. വീട്ടിൽ അച്ഛൻ വരുമാനമുണ്ടാക്കാൻ എവിടെയെങ്കിലും പോയി പ്രവർത്തിക്കുന്നു. വോട്ടു ചെയ്യുന്നു. പണം ബാങ്കിൽ നിക്ഷേപിക്കുന്നു. ഇങ്ങനെ സാമൂഹിക പ്രയോഗങ്ങളുടെ ഒരു ശൃംഖലയുണ്ട്.

എന്റെ ജീവിതം ഏതെങ്കിലും ഒരൊറ്റ പ്രയോഗത്തിൽ മാത്രമല്ല, വീട്ടിൽ മാത്രമല്ല, സ്കൂളിൽ മാത്രമല്ല ഉള്ളടങ്ങിയിരിക്കുന്നത്. നിയമം തെറ്റിച്ചാൽ പോലീസ് ഇടപെടുന്നു. കോടതിയിൽ പോകേണ്ടിവരുന്നു. സ്ഥാപനങ്ങൾ തമ്മിലുള്ള അന്യോന്യ ബന്ധത്തെയാണ് സാമൂഹികം എന്നുപറയുന്ന

ത്. അങ്ങനെ നോക്കിയാൽ സാമൂഹികം എന്ന് പറയുന്നതല്ലാത്ത ഒരു നിമിഷം പോലും നമ്മുടെ ജീവിതത്തിലുണ്ടാകുന്നില്ല.

സമൂഹത്തെപ്പറ്റി പഠിക്കുക എന്നാൽ മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളെപ്പറ്റി പഠിക്കുക എന്നാണ്.

മോറൽ സ്റ്റഡീസ് എന്നു പറയുന്നത് നമ്മുടെ പ്രവൃത്തികളുടെയും പെരുമാറ്റങ്ങളുടെയും നന്മതിന്മകളെ കുറിച്ചും ശരിതെറ്റുകളെ കുറിച്ചും മുതിർന്നവരിൽ നിന്ന് നമുക്ക് കിട്ടുന്ന നിർദ്ദേശങ്ങളാണ്. സിനിമകൾ, മതങ്ങൾ, പരസ്യങ്ങൾ തുടങ്ങിയവയൊക്കെ മുതിർന്നവരുടെ നടപടികളും അടക്കം നമ്മുടെ പെരുമാറ്റത്തെ സ്വാധീനിക്കാം. ചരിത്ര പഠനത്തിൽ നിന്ന് മോറൽ സ്റ്റഡീസ് ഉണ്ടാക്കാൻ പറ്റില്ല. ചരിത്രപഠനം എന്നാൽ ഭൂതകാലത്തിൽ എന്ത്, എങ്ങനെ സംഭവിച്ചു എന്ന പഠനമാണ്. ചരിത്രത്തിൽനിന്ന് പഠിക്കുക എന്നത് ചരിത്രപഠനം എന്നതിൽനിന്ന് വ്യത്യസ്തമാണ്.

ചുരുക്കിപ്പറഞ്ഞാൽ പഠനം എന്നത് രണ്ട് ചോദ്യങ്ങൾക്കുള്ള ഉത്തരം തേടലാണ്. 'എന്താണ്' ? (What is ?) 'എന്തായിരിക്കണം' (What should be?) എന്നിവയാണ് ആ ചോദ്യങ്ങൾ. എല്ലാ സയൻസും 'എന്തുകൊണ്ട്' അഥവാ 'എങ്ങനെയാണ്' എന്ന ചോദ്യത്തിന്റെ ഉത്തരമാണ് അന്വേഷിക്കുന്നത്. ഇതിന് സ്ഥിതിഗതികൾ വിവരിച്ചാൽ മാത്രം മതിയാവില്ല. വിശദീകരിക്കണം. വിവരിക്കുക എന്ന് വെച്ചാൽ എന്താണ് ഉള്ളത് എന്ന് പറയുകയാണ്. എങ്ങനെയാണ് അത് സംഭവിക്കുന്നത് എന്ന് പറയുന്നത് വിശദീകരണമാണ്. ഉദാഹരണത്തിന് ഗ്രഹങ്ങൾ സൂര്യനുചുറ്റും ഒരു ഭ്രമണപഥത്തിലൂടെ സഞ്ചരിക്കുന്നു. എന്തുകൊണ്ട് അവ പറന്നുപോകുന്നില്ല ? ഇതിനുള്ള ഉത്തരമാണ് ഗുരുത്വാകർഷണ നിയമം എന്ന സിദ്ധാന്തം. അപ്പോൾ ഈ പ്രതിഭാസത്തെ വിശദീകരിക്കുന്ന നിയമം ആണ് ഗുരുത്വാകർഷണം. ന്യൂട്ടൺ കണ്ടുപിടിച്ച ഈ നിയമം വസ്തുസ്ഥിതിയെ വിവരിക്കുകയല്ല, വിശദീകരിക്കുകയാണ്.

സ്ഥിതിഗതികൾ എങ്ങനെയായിരിക്കണം എന്ന് അന്വേഷിക്കുന്നതാണ് മോറൽ സ്റ്റഡീസ്. നിങ്ങൾ എങ്ങനെ ചരിക്കണം എന്നു പറയുന്നത് ധാർമ്മികം. മുൻകാല സംഭവങ്ങൾ എങ്ങനെ സംഭവിക്കുന്നു എന്ന് വസ്തുനിഷ്ഠമായി പറയാൻ ശ്രമിക്കുകയാണ് ചരിത്ര പഠനം ചെയ്യുന്നത്. പക്ഷേ ഒരു മുൻകാല സംഭവത്തിൽനിന്ന് എന്ത് പഠിക്കണമെന്ന് പറയുന്നത് ചരിത്രപഠനത്തിന്റെ ഭാഗമല്ല. ചരിത്രത്തിൽ നിന്ന് പഠിക്കുക എന്ന് വച്ചാൽ എന്താണ് ? നമ്മൾ ധർമ്മത്തിന് വേണ്ടി നിലകൊള്ളണം എന്നോ ചരിത്രത്തിൽനിന്ന് നമുക്ക് എങ്ങനെ പ്രചോദനം ഉൾക്കൊള്ളാം എന്നോ ചരിത്രം പഠിക്കുന്നതിൽ ഉൾപ്പെട്ടിട്ടില്ല. ഇത്തരത്തിൽ പ്രചോദിപ്പിക്കുന്നത് ആരുടെ ചുമതലയാണ് എന്ന് ചോദിച്ചാൽ മുതിർന്നവരുടേയും സാമൂഹിക-സാംസ്കാരിക രംഗത്ത് നേതൃത്വം കൊടുക്കുന്നവരുടെയും ആണെന്നേ പറയാനാകൂ.

കാര്യങ്ങൾ ഇങ്ങനെയാണ് എന്നതിൽനിന്ന് കാര്യങ്ങൾ എങ്ങനെയായിരിക്കണം എന്നത് ഉണ്ടാക്കാൻ പറ്റുമോ ? ഞാൻ അസൂയാലുവും മറ്റുള്ളവർക്ക് ദ്രോഹം ചെയ്യുന്നവനുമാണ്. കാര്യങ്ങൾ അങ്ങനെയാണ് എന്ന് വയ്ക്കുക. എന്നാൽ ഞാൻ നന്നാവണം, അസൂയയില്ലാത്തവനാവണം എന്ന് പറയുന്നത് കാര്യങ്ങൾ എങ്ങനെയായിരിക്കണം എന്ന് പറയലാണ്. എങ്ങനെയാണ് നമ്മൾ ഒന്നു ആയിത്തീരുക ? നമ്മൾ ചീത്തയാണെങ്കിൽ എങ്ങനെയാണ് നന്നാവുക. ഒരാൾ ചീത്തയാണെങ്കിൽ അയാൾക്ക് നന്നാവാൻ പറ്റുമോ?

ഒരു കാര്യം ചീത്തയാണെങ്കിൽ ചീത്തയാണെന്ന് നാം അംഗീകരിക്കുക എന്നത് വളരെ പ്രധാനമാണ്. ഒരു ഉദാഹരണം എടുക്കുക. ഞാൻ ആർത്തിയുള്ളവനാണ്. എന്തൊക്കെയാണ് ആർത്തിയുടെ ലക്ഷണങ്ങൾ ? എന്തു കണ്ടാലും കൂടുതലായി വേണമെന്ന് തോന്നുന്നു. എനിക്ക് എന്തുകൊണ്ട് ആർത്തി ഉണ്ടായി ? ഞാൻ അങ്ങനെയായി തീർന്നതാണോ ? അതോ ആർത്തി എന്റെ സ്വഭാവമാണോ ? സാഹചര്യം കൊണ്ടാണ് ഞാൻ ആർത്തിയുള്ളവനായി തീർന്നതെങ്കിൽ സാഹചര്യം മാറ്റിയാൽ എന്റെ ആർത്തി മാറുമോ ? സാഹചര്യം ആര് മാറ്റും ? മറ്റുള്ളവർകൂടി ചേർന്നതാണ് നമ്മുടെ സാഹചര്യം. മറ്റുള്ളവരും എന്നെപ്പോലെ ആർത്തിയുള്ളവരാണെങ്കിലോ ? ആർത്തി നമ്മിൽ ഉണർത്തുന്ന സാഹചര്യം മാറുകയാണെങ്കിൽ നമ്മുടെ ആർത്തി മാറുമോ ? സാഹചര്യം മാറിയാൽ ആർത്തി പ്രകടിപ്പിക്കുന്ന സ്വഭാവമുള്ള ഒരാളിൽ രൂപാന്തരണം സംഭവിക്കുമോ?

ഒരാൾക്ക് ഒരു ആപത്ത് വന്നുപെട്ടാൽ, ഒരു പ്രതിസന്ധി വന്നുപെട്ടാൽ അയാൾ മാറുമോ ? ഒരാൾക്ക് അയാളുടെ സ്വഭാവം പ്രകടിപ്പിക്കാനാവുന്ന സാഹചര്യം ഇല്ലാതെ വന്നാൽ അയാളുടെ സ്വഭാവം മാറുമോ ? ഒരാൾക്ക് ആർത്തിയുടെ സ്വഭാവമുണ്ടെങ്കിൽ ആർത്തി മാറ്റണമെന്ന് മനസ്സിലായാൽ അയാളുടെ ആർത്തിക്ക് രൂപാന്തരണം സംഭവിക്കുമോ ? പരിശീലനം കൊടുത്ത് ഒരാളുടെ ആർത്തി മാറ്റാനാകുമോ ? ആർത്തി എന്റെ സ്വഭാവമാണെങ്കിൽ എനിക്ക് ആർത്തിയില്ലാത്തവനായി മാറണം എന്ന് തോന്നുമോ ? അതായത് ആന്തരികമായ രൂപാന്തരണം സാദ്ധ്യമാണോ ? വാല്മീകിയുടെ ഉദാഹരണം നിങ്ങൾ കാണിക്കുന്നു. കാട്ടാളനിൽനിന്ന് വാല്മീകിയിലേക്കുള്ള രൂപാന്തരണം ആ കാട്ടാളൻ മറ്റെല്ലാ



വര : വി.എസ്. ഗിരീശൻ

**നമ്മൾ ചോദിക്കേണ്ടത് മറ്റു മനുഷ്യരുമായി ഇടപെട്ടു പ്രവർത്തിച്ചുംകൊണ്ട് ഒരാൾക്ക് രൂപാന്തരണം ചെയ്യാൻ കഴിയുമോ എന്നാണ്.**

**ഞാൻ നിർദ്ദേശിക്കുന്നത് എന്താണെന്ന് വെച്ചാൽ നമ്മൾ ഒക്കെ നന്നായി പോയി എന്നു തെറ്റിദ്ധാരണ നമുക്ക് ഒരിക്കലും പാടില്ല. നമ്മുടെ ഓരോരുത്തരുടേയും ഉള്ളിൽ അസൂയയും ആർത്തിയും അക്രമണവാസനയും മാത്സര്യവുമൊക്കെയുണ്ട്. നാം ആരും ആദ്ധ്യാത്മികമായ രൂപാന്തരണത്തിൽ എത്തിയിട്ടില്ല. എങ്ങനെ മാറണം എന്ന് നാം ഓരോരുത്തരും ചോദിച്ച് ഉത്തരം മുട്ടണം.**

പ്രവർത്തികളിൽനിന്നും വിടവാങ്ങി, തപം മാത്രം അനുഷ്ഠിച്ച്, അനേകവർഷങ്ങളിലൂടെ സംഭവിച്ചതാണെന്ന് പുരാണം പറയുന്നു. അതുപോലെ മാറണമെങ്കിൽ മനുഷ്യർ തമ്മിലുള്ള ഇടപെടലും, അവരുടെ പ്രവൃത്തികളും ദീർഘകാലം മരവിപ്പിക്കണം. നമ്മൾ ചോദിക്കേണ്ടത് മറ്റു മനുഷ്യരുമായി ഇടപെട്ടു പ്രവർത്തിച്ചുംകൊണ്ട് ഒരാൾക്ക് രൂപാന്തരണം ചെയ്യാൻ കഴിയുമോ എന്നാണ്.

എല്ലാവരും ആദ്ധ്യാത്മികമായി ഉണർന്ന്, ഉയർന്നു വരാൻ കഴിയുമോയെന്ന് ചോദിക്കുമ്പോൾ അങ്ങനെ പ്രതീക്ഷിക്കാൻ എന്താണ് നമുക്ക് അവലംബമായിട്ടുള്ളത് ?

ഒരാൾ മാറിയാൽ സമൂഹത്തിൽ മുഴുവൻ മാറ്റം വരുമോ ? ഒരാൾ ബുദ്ധനായാൽ എല്ലാവരും ബുദ്ധനാകുമെന്ന് പറയാനാകുമോ ? ക്രിസ്തുവിന് എത്രപേരെ മാറ്റാൻ പറ്റി ? നബിക്ക് എത്രപേരെ മാറ്റാൻ പറ്റി ? ഭഗവത് ഗീതയുടെ ഉപജ്ഞാതാക്കൾ കണ്ടെത്തിയത് എത്രപേരിൽ മാറ്റങ്ങൾ ഉണ്ടാക്കി ? ഏറ്റവും കൂടുതൽ കുറ്റവാളികൾ ഉണ്ടായിട്ടുള്ളത് മതവിശ്വാസമുള്ളവരിൽ നിന്നുതന്നെയാണ് എന്ന് പറയപ്പെടുന്നു. മതങ്ങൾക്ക് മനുഷ്യനെ മാറ്റാൻ പറ്റുമെങ്കിൽ എന്തുകൊണ്ടാണ് ഇത്രയും കുറ്റകൃത്യങ്ങൾ സംഭവിക്കുന്നത് ?

ഞാൻ നിർദ്ദേശിക്കുന്നത് എന്താണെന്ന് വെച്ചാൽ നമ്മൾ ഒക്കെ നന്നായി പോയി എന്നു തെറ്റിദ്ധാരണ നമുക്ക് ഒരിക്കലും പാടില്ല. നമ്മുടെ ഓരോരുത്തരുടേയും ഉള്ളിൽ അസൂയയും ആർത്തിയും അക്രമണവാസനയും മാത്സര്യവുമൊക്കെയുണ്ട്. നാം ആരും ആദ്ധ്യാത്മികമായ രൂപാന്തരണത്തിൽ എത്തിയിട്ടില്ല. എങ്ങനെ മാറണം എന്ന് നാം ഓരോരുത്തരും ചോദിച്ച് ഉത്തരം മുട്ടണം. റോഡിലൂടെ പോകുമ്പോൾ നമുക്ക് സൈൻ ബോർഡുകൾ ഉണ്ടാകും. എന്നാൽ നാം ഒരു വനാന്തരത്തിൽ പെട്ടാൽ നമുക്ക് ഏത് വഴിയിലാണ് പോകേണ്ടത് എന്നറിയാതാകും. വഴിമുട്ടിയാൽ നാം എന്തുചെയ്യും ? എനിക്ക് വഴിയറിയില്ല എന്ന് കണ്ടെത്തും. നാം എന്തുചെയ്യുമ്പോഴും നമ്മുടെയുള്ളിലെ അസൂയ, ആർത്തി, ആക്രമണോത്സുകത, മാത്സര്യം ഒക്കെ പുറത്തുവരുന്നുണ്ട്. ഇവ എന്നെ നിരന്തരം അലട്ടുന്നതാണെങ്കിൽ എന്ത് ചെയ്യണമെന്നറിയില്ല എന്ന വഴിമുട്ടലിൽ നാം നിൽക്കുക. മതങ്ങളുടെ വഴിയിലേക്ക് പെട്ടെന്ന് നാം തിരിയുന്നതുകൊണ്ട് കാര്യമില്ല എന്ന് ചരിത്രം കാണിക്കുന്നു. എല്ലാ ആന്തരിക രൂപാന്തരണത്തിന്റെയും തുടക്കം എന്ത് ചെയ്യണമെന്ന് എനിക്കറിയില്ല എന്ന ഈ വഴിമുട്ടലിലാണ്.

സാഹചര്യങ്ങൾ മാറ്റിയാൽ കാര്യങ്ങൾ നേരെയാകില്ലേ എന്ന് ചോദിച്ചുവല്ലോ. സാമൂഹിക സാഹചര്യങ്ങൾ എന്ന്വെച്ചാൽ നാം ഓരോരുത്തരും ചെയ്യുന്നതിലൂടെയുണ്ടാകുന്ന സാഹചര്യമാണ്. അപ്പോൾ നാം ഓരോരുത്തരും മാറുന്നതിലൂടെയാണ് സാമൂഹിക സാഹചര്യം മാറുന്നത്. ശരീരത്തിൽ പഴുപ്പുണ്ടായാൽ ഡോക്ടർമാർ ചെയ്യുന്നത്. പഴുപ്പ് ഉണക്കി, രോഗം മാറ്റുകയാണ്. മനുഷ്യ സ്വഭാവത്തിന്റെ കാര്യത്തിൽ ഈ ക്ലിനിക്കൽ മനോഭാവം പറ്റില്ലല്ലോ. യുഗാന്തരങ്ങളായി രൂപപ്പെട്ടതാണ് മനുഷ്യന്റെ അസൂയ, ആർത്തി, ആക്രമണോത്സുകത പോലുള്ള സ്വഭാവങ്ങൾ. ഇത് മനുഷ്യർ അവരുടെ തലച്ചോറിൽ കൊണ്ടു നടക്കുന്നവയാണ്. ഇവിടെ ക്ലിനിക്കൽ മനോഭാവമെന്നത് ലാഘവത്തോടെയുള്ള സമീപനമാണ്. മനുഷ്യൻ അവന്റെ തലച്ചോറിലെ ചില പ്രത്യേകതൾ കൊണ്ട് ഭൂമിക്ക് ഒരുപാട് നാശം വരുത്തി. ഈ അർത്ഥത്തിൽ മനുഷ്യൻ തന്നെ ഭീകരജന്തുവാണ്. നമ്മിൽ ഓരോരുത്തിലേയും ആർത്തി, ആക്രമണപരത എന്നതൊക്കെ മനുഷ്യവംശത്തിന്റെ ആർത്തിയാണ്, ആക്രമണപരതയാണ്. ഒരുമിച്ചുള്ള നമ്മുടെ ജീവിതത്തിന്റെ മൈത്രിയെ തടസ്സപ്പെടുത്തുന്നതാണ് അവ. ഇതിൽനിന്ന് മാറാൻ നാം ശ്രമിക്കുമ്പോൾ ഇവയൊക്കെ നമ്മിൽ എല്ലാവരിലും ഉണ്ടെന്ന് അംഗീകരിക്കുക എന്നതാണ് ആദ്യം വേണ്ടത്. ഇവിടെ നമുക്ക് വഴിമുട്ടുന്നുവെന്ന് നാം തിരിച്ചറിയണം.

വഴിമുട്ടുമ്പോൾ നാം നിതാന്തമായ ജാഗ്രതോടെ ഇരിക്കണം. നമ്മുടെ ഉള്ളിൽ ആക്രമണോത്സുകത വരുന്ന സമയത്ത് നാം ജാഗ്രതയോടെ അത് തിരിച്ചറിയണം. നമ്മിൽ അസൂയ വരുന്ന സമയത്ത് ആ സത്യത്തെ മറച്ചുകളയാതെ അത് അവിടെ ഉണ്ടെന്ന് നാം തിരിച്ചറിയണം. ആ തിരിച്ചറിവാണ് ശ്രദ്ധ എന്ന് പറയുന്നത്. അത്തരം ശ്രദ്ധം നാം നിലനിർത്തിയാൽ ചിലപ്പോൾ അത് ലോകത്തെ രക്ഷിക്കാൻ സഹായിച്ചേക്കാം.

എനിക്ക് അസൂയ ഉണ്ടാവാം എന്ന സാദ്ധ്യത വച്ചുകൊണ്ട് അല്ല പറയുന്നത്. ദൈനംദിന ജീവിതത്തിൽ നാം പരസ്പരം ഇടപെടുമ്പോൾ അസൂയ, ആക്രമണവാസന, ആർത്തി, മാത്സര്യം ഒക്കെ പുറത്തേക്കുവരുമ്പോൾ നാം അത് തിരിച്ചറിയുക. തിരിച്ചറിവുകൊണ്ട് മാത്രം നാം മാറുന്നില്ല. സ്വയം അറിയുന്നുവെന്ന് മാത്രം. കൂട്ടുകാരോട് ഇടപെടുമ്പോൾ ഈ ശ്രദ്ധ നമുക്കുണ്ടെങ്കിൽ, ദൈനംദിന ജീവിതത്തിന്റെ എല്ലാ വ്യാപാരങ്ങളിലും ശ്രദ്ധയുള്ളവരാണെങ്കിൽ, നമുക്ക് രക്ഷപ്പെടാം.

ശ്രദ്ധ എന്നാൽ നിയന്ത്രിക്കലല്ല. ഹിംസ എന്നത് കായികം മാത്രമല്ല. ചീത്ത പറയുന്നത് ഹിംസയാണ്. രൂക്ഷമായി നോക്കി നമ്മുടെ വെറുപ്പ് പ്രകടിപ്പിക്കുന്നത് ഹിംസ

**സാഹചര്യങ്ങൾ മാറ്റിയാൽ കാര്യങ്ങൾ നേരെയാകില്ലേ എന്ന് ചോദിച്ചുവല്ലോ. സാമൂഹിക സാഹചര്യങ്ങൾ എന്ന്വെച്ചാൽ നാം ഓരോരുത്തരും ചെയ്യുന്നതിലൂടെയുണ്ടാകുന്ന സാഹചര്യമാണ്. അപ്പോൾ നാം ഓരോരുത്തരും മാറുന്നതിലൂടെയാണ് സാമൂഹിക സാഹചര്യം മാറുന്നത്.**

യാണ്. ഇതിനെ നാം നിയന്ത്രിക്കാൻ അടിച്ചമർത്തിയാൽ നാം നമ്മോട് ഹിംസ കാണിക്കുകയാണ്. മതങ്ങൾ പഠിപ്പിക്കുന്നത് ഇത്തരം വാസനകൾ അടിച്ചമർത്താനാണ്. ശ്രദ്ധ ഇതല്ല.

മനുഷ്യവംശത്തെപ്പറ്റി ആലോചിക്കുമ്പോൾ ശ്രദ്ധ എന്നത് മനുഷ്യർക്ക് മാത്രം കിട്ടിയിട്ടുള്ള സവിശേഷ ലക്ഷണങ്ങളിലൊന്നായി കണ്ടെത്താം. നമുക്കുണ്ടാവുന്ന അനുഭവങ്ങളെ ഒരു പ്രത്യേകതലത്തിൽ മൊത്തം നോക്കി കാണുന്നതിനെയാണ് ബോധം (consciousness) എന്നു പറയുന്നത്. മനുഷ്യവംശത്തിന് മാത്രം കിട്ടിയിട്ടുള്ള സവിശേഷ ബോധമാണ് ശ്രദ്ധ. ശ്രദ്ധ ഉണ്ടാകുമ്പോൾ കോപം വരില്ല. അതുകൊണ്ട് അനുഭവങ്ങളുടെ നിയന്ത്രണമോ അടിച്ചമർത്തലോ ഇല്ല. ഇവിടെ ശ്രദ്ധ എന്ന ആശയത്തിന്റെ ഒരു വശം നിങ്ങളുമായി പങ്ക് വെയ്ക്കുകയേ ചെയ്യുന്നുള്ളൂ. ശ്രദ്ധയെപ്പറ്റിയുള്ള സിദ്ധാന്തങ്ങൾ ഒന്നും നിങ്ങളുടെ മുമ്പിൽ വെയ്ക്കുന്നില്ല. ശ്രദ്ധ ഉണ്ടായിരിക്കുമ്പോൾ കോപം വരില്ല എന്നു പറയുന്നത് നാം ഓരോരുത്തരും സ്വയം പരീക്ഷിക്കേണ്ടതാണ്. നമ്മിൽ കോപം വരുമ്പോൾ ശ്രദ്ധ ഉണർത്തുക. കോപത്തെ അത് ഉണ്ടായിവരുന്ന മാത്രയിൽ അറിയുക. ശ്രദ്ധയുള്ളപ്പോൾ ശ്രദ്ധ മാത്രമേയുണ്ടാകൂ. കോപം, വെറുപ്പ്, ഹിംസ തുടങ്ങിയവയും ശ്രദ്ധയും ഒരുമിച്ച് ഒരേസമയം നിൽക്കില്ല. നമ്മുടെ ഊർജം മുഴുവൻ അപ്പോൾ ശ്രദ്ധയിലേക്കു വരും. അതുകൊണ്ട് എപ്പോഴം ശ്രദ്ധയിൽ നിൽക്കുക. ശ്രദ്ധയിലുള്ള നിൽപ് ആന്തരിക പരിവർത്തനമാണെന്ന് പറയുകയല്ല.

അസൂയ, ആർത്തി, ഹിംസ പോലുള്ളവയുള്ളപ്പോഴും യാതൊരു അന്തഃസംഘർഷവുമില്ലാതെ നമുക്ക് ജീവിക്കാനാവുമെങ്കിൽ പിന്നെ പ്രശ്നമില്ല. ലോകത്തിന് കുഴപ്പമുണ്ടാക്കികൊണ്ട് നമുക്ക് ജീവിക്കാം. ഇതിന്റെ പേരിൽ നമുക്ക് സംഘർഷ-സമ്മർദ്ദം ഉണ്ടെങ്കിൽ മാത്രമേ ഇത് പരിഹരിക്കേണ്ടതുള്ളൂ. സാമൂഹിക ജീവിതം പണ്ടും ഇങ്ങനെ തന്നെയായിരുന്നു. ഇപ്പോൾ കൂടുതൽ ആളുകളും കൂടുതൽ പ്രശ്നങ്ങളും ഉണ്ടെന്നേയുള്ളൂ.

ഒരു ചട്ടക്കൂട് ഉണ്ടാക്കി മനുഷ്യർക്ക് അവരുടെയുള്ളിലെ ആക്രമണവാസനയില്ലാതാക്കാൻ പറ്റുന്നില്ല എന്നാണ് മതങ്ങളുടെ ചരിത്രം കാണിക്കുന്നത്. എന്നുവെച്ചാൽ മതങ്ങൾ എല്ലാം വെറുതെയാണെന്ന് പറയുകയല്ല. ഇതൊക്കെ വിശദമായി ചർച്ച ചെയ്യേണ്ട കാര്യങ്ങളായിരിക്കാം.

ഓരോ സാഹചര്യത്തിലും നാമെന്തു ചെയ്യും എന്നുള്ളതിന് മുൻകൂട്ടി നിശ്ചയിച്ച ഉത്തരമില്ല. ഓരോരുത്തരും വഴി കണ്ടെത്തുകയേ നിവൃത്തിയുള്ളൂ.

ശ്രദ്ധയ്ക്ക് പകരം വെയ്ക്കാൻ മറ്റൊന്നില്ല എന്നാണ് എനിക്ക് തോന്നുന്നത്. നല്ല ഉറക്കം വരുമ്പോൾ ശ്രദ്ധിക്കാൻ പറ്റുമോ എന്ന് ചോദിച്ചു. പക്ഷെ ഉറക്കം ബോർഡം കൊണ്ടാണ് എങ്കിൽ ശ്രദ്ധയില്ലാത്തതിനാലാവാം. ബോർഡം അല്ലെങ്കിൽ മുഷിപ്പ് ഉണ്ടാകുമ്പോൾ എന്താണ് ചെയ്യുക എന്ന് ചോദിച്ചു. ശ്രദ്ധയിൽ നിൽക്കുക മാത്രമെ വഴിയുള്ളൂ. അതായത് അവരവരോട് തന്നെ മുഷിപ്പ് തോന്നുമ്പോൾ ശ്രദ്ധ മാത്രമേ പോംവഴിയുള്ളൂ.

വ്യക്തികൾ തമ്മിലുള്ള ഇടപെടൽ മാറ്റിവച്ച് രാജ്യങ്ങൾ തമ്മിലുള്ള ഇടപെടൽ നോക്കുക. ഒരു രാജ്യത്തെ വിഭവങ്ങൾ മറ്റ് രാജ്യത്തുള്ളവർ വന്ന് കൊണ്ടുപോകുന്നു. എന്തു ചെയ്യും ? എങ്ങനെ പ്രതിരോധിക്കും ? ചെറിയ ഒരു ഹിംസാത്മകത എല്ലാ പ്രതിരോധങ്ങളിലുമുണ്ട്. ഗാന്ധിയുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യ സമരപോരാളികളെ ബ്രിട്ടീഷ് പോലീസുകാർ അടിച്ചപ്പോൾ അവിടെ നിന്നുകൊണ്ടുതന്നെ അടി കൊണ്ടു. ഇത് സ്വന്തം ശരീരത്തിനോടുള്ള ഹിംസയാണ്. നാം ഒരു കാര്യം ചെയ്തുകൊണ്ടിരിക്കുമ്പോൾ മറ്റൊരാൾ അതിൽ ഇടപെടുന്നത്. അത് പ്രതിരോധിക്കുന്നതിൽ ഹിംസയുണ്ടെങ്കിലും, നമ്മുടെ ഉത്തരവാദിത്വമാണ്. നമ്മുടെ ആന്തരികമായ ക്ഷോഭത്തിന്റെ സാഹചര്യത്തിലാണ് ശ്രദ്ധ ഒരു പോംവഴിയാകുന്നത്. പ്രതിരോധം ഉത്തരവാദിത്വമാകുമ്പോൾ ഹിംസ പ്രതിരോധ മാർഗ്ഗമായി കരുതുന്നത് ലോകത്തിൽ ഹിംസ തുടരുന്നതിന് ലൈസൻസ് കൊടുക്കുന്നത് പോലെയാവും. അതുകൊണ്ട് പ്രതിരോധം എങ്ങനെ വേണമെന്നത് ബാധിക്കപ്പെട്ടവർ ഒരുമിച്ച് ശ്രദ്ധയോടെ എടുക്കുന്ന തീരുമാനമായിരിക്കണം. അതിനുള്ള തുടക്കമാണ് ഓരോരുത്തരുടെയും ശ്രദ്ധ. ശ്രദ്ധ നിലനിർത്തുന്നുവെങ്കിൽ നാം ഓരോരുത്തരും സ്വയം കണ്ടെത്തും. പ്രതിവിധികളുടെ ഒരു കുറിപ്പടി നൽകുകയെന്ന് വച്ചാൽ ശ്രദ്ധയില്ലാതെ തന്നെ പരിഹരിക്കാൻ കഴിയും എന്ന് വരികയാണ്.

ആളുകൾക്ക് മാറാൻ പറ്റില്ല എന്നല്ല പറയുന്നത്. ആന്തരിക രൂപാന്തരണം എന്നത് എളുപ്പമല്ല എന്നാണ് പറയുന്നത്. ബുദ്ധൻ തന്നെ പ്രബുദ്ധത സാധിച്ചത് എങ്ങനെയാണ് എന്നറിയില്ല. നമ്മൾ അക്രമോത്സുകരാകുന്നെങ്കിൽ നാം അത് തിരിച്ചറിയുക. അതിന്നായി നാം ശ്രദ്ധാലുക്കളാവുക. മറ്റ് കാര്യങ്ങൾ അങ്ങനെ ശ്രദ്ധാലുക്കളായവർ ഒരുമിച്ച് ചേർന്ന് തീരുമാനിക്കുകയാണ് വേണ്ടത്. ഉദാഹരണത്തിന് അസൂയ പ്രശ്നമാവുന്നത് ആർക്കാണ് ? അത് തന്റെ ആന്തരികമായ സമാധാനവും ശാന്തിയും നശിപ്പിക്കുന്നതായി അനുഭവപ്പെടുന്നവർക്ക്, മറ്റുള്ളവരുമായുള്ള തന്റെ ബന്ധം തനിക്കുതന്നെ സഹിക്കാൻ പറ്റാതെ ഒരാൾക്കനുഭവപ്പെടുമ്പോൾ. അതുകൊണ്ട് അസൂയയെ ഉന്മൂലനം ചെയ്യേണ്ടതുണ്ടെന്ന് നാം കരുതുന്നു. അതിന് എന്തു ചെയ്യും?

അക്രമോത്സുകത എന്നത് സമൂഹത്തിൽനിന്ന് പഠിക്കുന്നതല്ല. സമൂഹത്തെ നമ്മൾ സ്വന്തം പ്രവൃത്തികളിലൂടെ ഉണ്ടാക്കിയെടുക്കുമ്പോൾ അതിന് നമ്മൾ തന്നെ കൊടുക്കുന്ന ഒരു സ്വഭാവഗുണമാണ് ഈ അക്രമണോത്സുകത. മദ്യാസക്തി എന്നത് പെരുമാറ്റത്തെ പരിഷ്കരിച്ച് ഒരുപക്ഷെ നിങ്ങൾക്ക് മാറ്റാം. അത് പിന്നെയും വന്നുകൊണ്ടിരിക്കാം. അത് ശീലമാണ്. അപ്പോൾ ശീലം മാറ്റണം. പക്ഷേ അക്രമോത്സുകത നമ്മുടെ ഉള്ളിൽ ആഴത്തിലിറങ്ങിയിട്ടുള്ള വാസനകളാണ്, ചോദനകളാണ്. ആ വാസനകളെ നമുക്ക് മറികടക്കാൻ പറ്റുമോയെന്നതാണ് ചോദ്യം. വാസനകൾ യഥാർത്ഥത്തിൽ ഉണ്ടെങ്കിൽ അത് ഉന്മൂലനം ചെയ്യാൻ പറ്റുമോയെന്നറിയില്ല. കാരണം അതിന് തലച്ചോറിൽ തന്നെ ശസ്ത്രക്രിയ ചെയ്യേണ്ടിവരും. തലച്ചോറിലുള്ളത്, ജീവജാതിയുടെതന്നെ ഗുണം ആണ്. എനിക്ക് എങ്ങനെ മാറാൻ പറ്റും ? അതിന് ഒരേ ഒരു വഴി നമ്മളിലെ അക്രമോത്സുകതയെ നമുക്കുതന്നെ നേർക്കുനേർ കാണാൻ ഇടവരുത്തുകയാണ്. അതിന് ഞാൻ ശ്രദ്ധയോടെ ഇരിക്കേണ്ടതുണ്ട്.

ശ്രദ്ധ എന്ന വാക്ക് വരുന്നത് സംസ്കൃതത്തിലെ രണ്ട് വാക്കുകളിൽ നിന്നാണ്. ഒന്ന് 'ശ്രദ്' മറ്റൊന്ന് 'ധാ'. ശ്രദ് എന്ന വാക്കിന് ലാറ്റിൻ ഭാഷയിലെ 'കോർഡ്' എന്ന വാക്കിനോടും ബന്ധമുണ്ട്. സംസ്കൃതത്തിലെ 'ഹൃദ്', ഇംഗ്ലീഷിലെ 'ഹാർട്ട്' ഇവയൊക്കെ അടുത്ത ബന്ധമുള്ള വാക്കുകളാണ്. 'ധാ' എന്ന്

**ശ്രദ്ധ എന്നത് പല മടങ്ങുകളുള്ള കാര്യമാണ്. നമ്മുടെ മനോഭാവത്തെയും വികാരത്തെയും ചോദനകളെയും സംബന്ധിച്ചിടത്തോളം ശ്രദ്ധ എന്നത് സ്വയം സത്യസന്ധമാകലാണ്.**

വെച്ചാൽ വെയ്ക്കുക എന്നാണ്, നിക്ഷേപിക്കുക. ശ്രദ്ധ എന്ന് പറഞ്ഞാൽ ഹൃദയം വെയ്ക്കലാണ്. സത്യസന്ധമായിരിക്കുക, വിശ്വസ്തമായിരിക്കുക. ഞാൻ ശ്രദ്ധയുള്ള ആളാവുന്നത് എപ്പോഴാണ് ? തുടർച്ചയായി നമ്മോട് സത്യസന്ധമായിരിക്കുന്നതാണ് ശ്രദ്ധ എന്ന് പറയുന്നത്. സത്യസന്ധമായിരിക്കുന്നത് എന്നത് പ്രധാന വശം മാത്രമാണ്. നമ്മുടെ തന്നെ വാസനകൾ, വികാരങ്ങൾ, വിചാരങ്ങൾ, മനോഭാവങ്ങൾ ഒക്കെ സംബന്ധിച്ചിടത്തോളം അത് നമ്മിലുണ്ടെന്ന് തിരിച്ചറിയുക എന്നതാണ് സത്യസന്ധത. ഉദാഹരണത്തിന് ഞാൻ ചീത്തയാളാണ്, ചില മാനദണ്ഡങ്ങളനുസരിച്ച്. എന്നാൽ ഞാൻ ചീത്തയാളല്ല എന്ന് അപ്പോൾ പറയുന്നത് സത്യസന്ധതയല്ല. നമ്മൾ ചീത്തയാണെങ്കിൽ ചീത്തയാണെന്നുതന്നെ തിരിച്ചറിയുക. അതാണ് സത്യസന്ധത. ഉദാഹരണത്തിന് എനിക്ക് ചില കാര്യങ്ങൾ അറിയില്ല. പക്ഷേ അത് അംഗീകരിക്കാൻ പ്രയാസമാണ്. അപ്പോൾ അത് സത്യസന്ധതയല്ല. ഉദാഹരണത്തിന് എനിക്ക് X അറിയില്ല. അപ്പോൾ മറ്റൊരാൾ X നെപ്പറ്റി എന്നോട് ചോദിക്കുന്നു. അപ്പോൾ എനിക്ക് അറിയില്ല എന്നു പറയാൻ പ്രയാസമാവുന്നു. ഇത് സത്യസന്ധതയല്ല. സത്യസന്ധമായി ജീവിക്കുമ്പോൾ ഒരു കാര്യം നമുക്ക് അറിയില്ലായെങ്കിൽ അത് അറിയില്ലായെന്ന് നാം അംഗീകരിക്കുക. മാനം പോകുന്ന കാര്യമാകാം. എങ്കിലും അത് സഹിക്കാൻ തയ്യാറായിട്ട് അറിയില്ലായെന്ന് പറയുന്നത് സത്യസന്ധതയാണ്. ശ്രദ്ധ എന്നത് പല മടങ്ങുകളുള്ള കാര്യമാണ്. നമ്മുടെ മനോഭാവത്തെയും വികാരത്തെയും ചോദനകളെയും സംബന്ധിച്ചിടത്തോളം ശ്രദ്ധ എന്നത് സ്വയം സത്യസന്ധമാകലാണ്.

• • • • • • • • • • • • • • • • • • • •

സൽസബീൽ സ്കൂളിൽ വെച്ച് വരുംദിവസങ്ങളിൽ നടക്കാൻ പോകുന്ന ക്യാമ്പിൽ നിന്ന് എന്ത് ഉപദേശം കിട്ടുമെന്നാണ് നിങ്ങൾ ചോദിച്ചത്. ഉപദേശമൊന്നുമില്ല. പക്ഷേ ഇത് നമ്മുടെ ലോകത്ത് മുഴുവൻ നടന്നുകൊണ്ടിരിക്കുന്ന ചില പുതിയ സംഭവ വികാസങ്ങളെ പറ്റിയുള്ള അന്വേഷണമാണ്. അതായത് ആഗോളവൽക്കരണം എന്ന പ്രതിഭാസത്തെ, സംകല്പത്തെകുറിച്ച്. അനേക രാജ്യങ്ങൾ കൂടിച്ചേരുന്നതല്ല ആഗോളവത്കരണം. രാജ്യങ്ങൾ ഇല്ലാതാവുന്നതാണ് ആഗോളവത്കരണം. എല്ലാ ഭൗമികമാവുക. ഗ്ലോബൽ ആവുക. രാജ്യങ്ങൾ തമ്മിൽ അതിരുകൾ ഇല്ലാതാവുക. ഇത് അന്താരാഷ്ട്രമല്ല. അന്താരാഷ്ട്രമെന്നാൽ രാഷ്ട്രങ്ങൾ തമ്മിൽ ചേർന്നുണ്ടാവുന്ന സ്ഥിതിവിശേഷമാണ്. കുറെ രാഷ്ട്രങ്ങൾ കൂടി ചേരുന്നതിനെയാണ് 'അന്താരാഷ്ട്രം' എന്ന് വിശേഷണം കൊണ്ട് സൂചിപ്പിക്കുന്നത്. ഇപ്പോൾ രാഷ്ട്രങ്ങൾ ഒന്നുമില്ലാതെ എല്ലാവരും ഒന്നാവുകയാണ്. ഇതാണ് ആഗോളവത്കരണം. പക്ഷേ ഇത് എങ്ങനെയാണ് ആവുന്നത് ? ഇത് ഗുണകരമാണോ മനുഷ്യർക്ക് ? അത്ര വികസിച്ചിട്ടില്ലാത്ത രാജ്യങ്ങളിലുള്ളവർക്ക് ആഗോളവത്കരണം ഗുണകരമാണോ ? പ്രയോജനമുള്ളതാണോ ? അതിൽ അന്തർഭവിച്ചിട്ടുള്ള തത്വങ്ങൾ എന്താണ് ? മനുഷ്യരാശിയുടെ വലിയ ആർത്തിയിൽ നിന്നാണ് ഇത് വരുന്നത്. ലാഭം അമിതമായി ഉണ്ടാക്കുക. ലാഭം ഉണ്ടാവുമ്പോൾ രാജ്യങ്ങളുടെ അതിര് വേണ്ട. ഭൂമിശാസ്ത്രപരമായ അതിരുകൾ ഒക്കെ ലംഘിക്കണം. അപ്പോൾ സാധനങ്ങൾക്ക്, ആളുകൾക്ക്, തൊഴിലിന്, മൂലധനത്തിന്, സാങ്കേതിക വിദ്യകൾക്ക് ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് പോകാൻ ഒരു വിലങ്ങുതടിയും ഉണ്ടാകാൻ പാടില്ല. ഇവയൊക്കെ എന്തിനാണ് പോകുന്നത് ? കൂടുതൽ ലാഭം ഉണ്ടാക്കാൻ വേണ്ടി. ഭൂമിശാസ്ത്രപരമായി വേറൊരു മേഖലയിൽ നിന്ന് വന്ന് ഇവിടെ നിക്ഷേപിച്ച് ലാഭമുണ്ടാക്കുക. ചെല്ലാവുന്നിടത്ത് നിന്നൊക്കെ ലാഭമുണ്ടാക്കുക. ഇതാണ് ആഗോളവത്കരണത്തിൽ കാണുന്ന ഒരു പ്രവണത.

ആഗോളവത്കരണത്തിൽ നല്ലതും ചീത്തയും ഉണ്ടാകാം. എല്ലാവരും ഒന്നുചേരാനുള്ള സാദ്ധ്യത കൂടി ഇല്ലേ ? ഭൂമി മുഴുവൻ ഒരു ഗ്രാമമായി മാറുന്നു. എല്ലാവർക്കും ഒന്നിക്കാൻ പറ്റുകയാണ്. അതുപക്ഷേ ഒരു വശം മാത്രമാണ്. ഇത് ഉണ്ടാകുന്നതിന്റെ കാരണങ്ങൾ എന്താണ് ? എങ്ങനെയാണ് ഉണ്ടാകുന്നത് ? ഇങ്ങനെ ഉണ്ടാകുമ്പോഴുള്ള അനന്തരഫലങ്ങൾ എന്താണ് ? കുറെ ആളുകൾ കൂടുതൽ ലാഭമുണ്ടാക്കുന്നു. സൗകര്യങ്ങളുണ്ടാക്കുന്നു. കുറെ ആളുകൾ ഓരങ്ങളിലേക്ക് തള്ളപ്പെടുന്നു. ഇങ്ങനെയുള്ള ഒരു പ്രതിഭാസത്തിന്റെ ചലനനിയമങ്ങൾ എന്താണ് ? അല്ലെങ്കിൽ, എങ്ങനെയാണ് ഇത് സംഭവിക്കുന്നത് ? ഇത്തരം കാര്യങ്ങൾ അന്വേഷിക്കുകയാണ് ഈ ക്യാമ്പിന്റെ ലക്ഷ്യം.

*(തുടരും)*




**പുനർജ്ജനി റിട്രീറ്റ് സെന്റർ**

മദ്യാസക്ത രോഗികളെയും അവരുടെ നിരപരാധികളായ കുടുംബാംഗങ്ങളേയും നിത്യദുരിതത്തിൽനിന്ന് വിമുക്തരാക്കി പുതുജന്മം നല്കാനുള്ള എളിയ ശ്രമങ്ങൾ

പങ്കാളിത്തം പ്രതീക്ഷിക്കുന്നു.

**ഡോ. ജോൺസ് കെ. മംഗലം**

മാനേജിങ്ങ് ട്രസ്റ്റി, പുനർജ്ജനി ചാരിറ്റബിൾ ട്രസ്റ്റ് ഫോർ ഡി അഡിക്ഷൻ ആൻറ് റിഹാബിലിറ്റേഷൻ

പൂമല പി.ഒ., തൃശൂർ - 680 581. ഫോൺ : 9387101015

*With best compliments from*

**CENTRE FOR POST GRADUATE STUDIES**

**P.G. Centre**

North Bus Stand, Thrissur-20. Ph : 2338983, 2331714

e-mail : trc_postgrad@sancharnet.in.